## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2911 — 13.07.2015 ന് മറുപടിയ്ക്ക്.

**<u>മംഗളാദേവി ക്ഷേത്രത്തിന്റെ ഉടമസ്ഥത</u>**

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരളത്തിന്റെ ഉടമസ്ഥതയിലുള്ളതും, കേരളവും തമിഴ്നാടുമായി തർക്കത്തിലുള്ള-തുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനം ആവശ്യപ്പെടുന്ന തമിഴ്നാടിന് അനുകൂലമായി സംസ്ഥാനത്തെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാടിന് അനുകൂലമായി വനം വകുപ്പ് ഉദ്യോഗസ്ഥരോ, ജില്ലയിലെ മറ്റ് ഉദ്യോഗസ്ഥരോ പെരുമാറുകയോ മറ്റ് സഹായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല. |
| (ബി) കണ്ണകി ക്ഷേത്രം കൈവശപ്പെ-ടുത്താൻ തമിഴ്നാട് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്ന് കണ്ണകി ക്ഷേത്രം കൈവശപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മംഗളാദേവി ക്ഷേത്ര സംരക്ഷണം എന്ന വിഷയം ഉന്നയിച്ചുകൊണ്ട് തമിഴ്നാട്ടിലെ കമ്പം ആസ്ഥാനമായുള്ള കണ്ണകി ട്രസ്റ്റ് ഭാരവാഹികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ കേസ്സ് (WP(C) No.14853/2014) ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ